## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

27/06/2014-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4847

## കുടുംബശ്രീ അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) |
| (എ) സാമൂഹ്യ-സാമ്പത്തിക-സ്ത്രീ ശാക്തീകരണ മേഖലകളിലെ കുടുംബശ്രീ പ്രവർത്തനങ്ങൾ മാതൃകയാക്കുന്നതിനായി ഏതൊക്കെ സംസ്ഥാനങ്ങളുമായി കുടുംബശ്രീ ധാരണാപത്രം ഒപ്പിട്ടു; | (എ) കുടുംബശ്രീയുടെ പിആർഐ-സിബിഒ കൺവർജൻസ് പ്രോജക്ടിനായി ആസാം, ജാർഖണ്ഡ്, കർണാടക, മഹാരാഷ്ട്ര, ഒഡീഷ എന്നീ സംസ്ഥാനങ്ങളുമായും എംഇസി പ്രോജക്ടിനായി ബീഹാർ, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളുമായും ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത ധാരണാപത്രത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) ധാരണാ പത്രത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ താഴെപ്പറയുന്നവയാണ്. |

**1. പഞ്ചായത്തീ രാജ്- സംഘടന സംവിധാന സംയോജനം:**

കുടുംബശ്രീ എൻആർഒ പ്രവർത്തിക്കുന്ന സംസ്ഥാനങ്ങളിലെ ഗ്രാമീണ ഉപജീവന മിഷനുകളിലെ തിരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകൾക്ക് മേൽപറഞ്ഞ പ്രോജക്ടിനു ആവശ്യമായ സാങ്കേതിക നിർവ്വഹണ സഹായങ്ങൾ നൽകുക എന്നുള്ളതാണ് എൻആർഒ-യുടെ പ്രധാന ലക്ഷ്യം. ഇതിൽ താഴെപറയുന്ന പ്രവർത്തനങ്ങൾക്കാണ് സഹായങ്ങൾ ലഭ്യമാക്കുക.

1. കേരളത്തിലെ സ്ഥിതിഗതികൾ മനസ്സിലാക്കുന്നതിനായി മറ്റു സംസ്ഥാനങ്ങളിലെ പ്രതിനിധികൾ കേരളത്തിലേയ്ക്ക് നടത്തുന്ന സന്ദർശന യാത്ര - എക്സ്പോഷർ വിസിറ്റ്.
2. മറ്റു സംസ്ഥാനങ്ങളിലെ പഞ്ചായത്തീരാജ് സംവിധാനത്തിന്റെയും സംഘടനാ സംവിധാനത്തിന്റെയും സ്ഥിതിഗതികൾ മനസ്സിലാക്കുന്നതിനായി എൻആർഒയുടെ പ്രതിനിധികൾ നടത്തുന്ന സാധ്യതാ പഠനം.
3. പഞ്ചായത്ത് പ്രതിനിധികളുടെ പരിശീലനം
4. തിരഞ്ഞെടുത്ത പൈലറ്റ് ബ്ലോക്കുകളിലെ പഞ്ചായത്തിൽ നിന്ന് തിരഞ്ഞെടുത്ത ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങളുടെ പരിശീലനം
5. ഗ്രാമസഭകളിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനുള്ള നടപടികൾ
6. സ്വയംസഹായസംഘങ്ങൾ രൂപീകരിക്കുന്നതിനായി പഞ്ചായത്ത് പ്രതിനിധികൾക്കും ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾക്കും നൽകുന്ന പരിശീലനം
7. പഞ്ചായത്തിലെ വനിതാ പ്രതിനിധികൾക്കു നൽകുന്ന പ്രത്യേക പരിശീലനം
8. ബ്ലോക്ക് റിസോഴ്സ് ഗ്രൂപ്പ് രൂപീകരണം
9. ഗ്രാമസഭ സംഘടിപ്പിക്കൽ
10. സ്വയം സഹായ സംഘങ്ങളുടെ നൈപുണ്യ വികസനം
11. പഞ്ചായത്തീ രാജ്- സംഘടന സംവിധാന സംയോജനത്തിലൂടെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ്

12. വാർഡ്, പഞ്ചായത്ത് തല ഫെഡറേഷൻ രൂപീകരണം
13. ഉപജീവന ആസൂത്രണം
14. ബൈലോ തയ്യാറാക്കൽ
15. സംഘടനാ സംവിധാനത്തിന് ആവശ്യമായ പരിശീലനങ്ങളും കൈത്താങ്ങലും നൽകുന്നതിനായി രൂപീകരിക്കുന്ന കമ്മ്യൂണിറ്റി പ്രൊഫഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്.
16. സംഘടനാ സംവിധാനത്തിനാവശ്യമായ സഹായക സ്ഥാപനങ്ങൾ രൂപവൽക്കരിക്കലും ആവിഷ്ക്കരിക്കലും.

കുടുംബശ്രീ എൻ ആർ ഒയുടെ മെന്റർ റിസോഴ്സ്പേഴ്സൺ/ എംഇസി മാരായിരിക്കും പ്രോജക്ടിന്റെ പൈലറ്റ് ബ്ലോക്കുകളിൽ താഴെ തട്ടിൽ ആവശ്യമായിട്ടുള്ള എല്ലാ സഹായങ്ങളും നൽകുന്നത്. മെന്റർമാരുടെ ജോലി സംബന്ധമായ എല്ലാ ചെലവുകളും എൻആർഒ വഹിക്കുന്നതായിരിക്കും. ചെലവഴിച്ച തുക പിന്നീട് പങ്കാളിത്ത സംസ്ഥാനങ്ങളിൽ നിന്ന് ഈടാക്കുന്നതാണ്.

11. എംഇസി പ്രോജക്ട്- മൈക്രോ എന്റർപ്രൈസ് **കൺസൾട്ടന്റ്**

കുടുംബശ്രീ എൻ.ആർ.ഒ പ്രവർത്തിക്കുന്ന പങ്കാളിത്ത സംസ്ഥാനങ്ങളിലെ ഗ്രാമീണ ഉപജീവന മിഷനെ തിരഞ്ഞെടുത്ത ജില്ലകളിൽ എം.ഇ.സി പൈലറ്റ് പ്രോജക്ട് രൂപീകരിക്കുന്നതിനും നടത്തിപ്പിനും ആവശ്യമായ സാങ്കേതിക, നടത്തിപ്പ് സഹായങ്ങൾ നൽകുക.

<u>പ്രധാന പ്രവർത്തനങ്ങൾ</u>

1.പ്രോജക്ട് രൂപീകരണവും പ്രാരംഭ പ്രവർത്തനങ്ങളും
2.എംഇസിമാരെ ക ണ്ടെത്തുന്നതും അവരുടെ തെരഞ്ഞെടുപ്പും
3. പരിശീലനങ്ങളും ശാക്തീകരണ പ്രവർത്തനങ്ങളും
4. സംരംഭങ്ങളുടെ ബെഞ്ച് മാർക്കിങ്ങും; പെർഫോമൻസ്സും ട്രാക്കിംഗ് സിസ്റ്റം.
5. എംഇസി ബിസിനസ്സ് പ്ലാൻ രൂപീകരണം; എംഇസി പ്ലേസ്മെന്റ്
6. എംഇസി ഗ്രൂപ്പുകളുടെ പ്രവർത്തനവും മേൽനോട്ടവും
7. പ്രവർത്തനങ്ങളുടെ മേൽനോട്ടവും, റിപ്പോർട്ടിംഗും
8. പ്രവർത്തനങ്ങളുടെ വിലയിരുത്തൽ പഠനം
9. പോളിസികളും മറ്റു സഹായ പ്രവർത്തനങ്ങളും

(സി) ഈ സർക്കാർ അധികാര മേൽക്കുമ്പോൾ കുടുംബശ്രീ യിൽ എത്ര അംഗങ്ങൾ ഉ ണ്ടാ യിരുന്നു; ആയത് ഇ പ്പോൾ എത്ര;

(സി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ കുടുംബശ്രീയിൽ 31,87,536 അംഗങ്ങൾ ഉണ്ടായിരുന്നു. ഇപ്പോൾ 40,97,456 അംഗങ്ങൾ ഉണ്ട്.

(ഡി) കുടുംബശ്രീ അംഗങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭ്യ മാക്കുവാൻ എ ന്തു നടപടി നാളിതുവരെ സ്വീകരിച്ചു ; വ്യക്തമാക്കുമോ;

(ഡി) കുടുംബശ്രീയും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും സംയുക്തമായി കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾക്കായി സ്ത്രീ സുരക്ഷാ ബീമാ യോജന എന്ന ഒരു ഇൻഷുറൻസ് പദ്ധതി

നടപ്പിലാക്കിവരുന്നു. ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ നടപടികൾ സിഡിഎസ് തലത്തിൽ പൂർത്തിയായിവരുന്നു.

| | | | |
|---|---|---|---|
| (ഇ) | 60 വയസ്സു കഴിഞ്ഞ കുടുംബശ്രീ അംഗങ്ങൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ നൽകുന്നതിന് എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ഇ) | 60 വയസ്സു കഴിഞ്ഞ കുടുംബശ്രീ അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിന് വേണ്ടി ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ പോലുള്ള സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തി പദ്ധതിക്ക് അന്തിമ രൂപം തയ്യാറാക്കി വരുന്നു. |
| (എഫ്) | നിലവിൽ കുടുംബശ്രീ അംഗങ്ങൾ എത്ര ഹെക്ടർ തരിശുഭൂമിയിൽ കൃഷി ചെയ്തു വരുന്നു; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എഫ്) | കുടുംബശ്രീ അംഗങ്ങൾ ഈ വർഷം **13171.09** ഹെക്ടർ തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതുൾപ്പടെ ആകെ 49505.4 ഹെക്ടറിൽ കൃഷി ചെയ്യുന്നു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | കൃഷി ചെയ്യുന്ന ഭൂമി (ഹെക്ടറിൽ) |
|---|---|---|
| 1. | തിരുവനന്തപുരം | 2668 |
| 2. | കൊല്ലം | 939 |
| 3. | പത്തനംതിട്ട | 10023 |
| 4. | ആലപ്പുഴ | 1405 |
| 5. | കോട്ടയം | 615 |
| 6. | ഇടുക്കി | 6786 |
| 7. | എറണാകുളം | 8437 |
| 8. | തൃശൂർ | 2980.4 |
| 9. | പാലക്കാട് | 3134.4 |
| 10. | മലപ്പുറം | 6305 |
| 11. | കോഴിക്കോട് | 1945.6 |
| 12. | വയനാട് | 1856 |
| 13. | കണ്ണൂർ | 890 |
| 14. | കാസർഗോഡ് | 1521 |
| | ആകെ | **49505.4** |

| | | | |
|---|---|---|---|
| (ജി) | 2013-14 സാമ്പത്തിക വർഷം കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്കായി എന്ത് തുക സർക്കാർ മാറ്റി വച്ചിരുന്നു; ഇതിൽ എത്ര തുക ചെലവഴിച്ചു; എത്ര തുക ലാപ്സായി; | (ജി) | 2013-14 സാമ്പത്തിക വർഷം കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്കായി 90 കോടി രൂപ സംസ്ഥാന വിഹിതമായി പ്ലാൻ ഫണ്ടിനത്തിൽ ലഭിച്ചു. ഇതിൽ 86.54 കോടി രൂപ ടി വർഷം തന്നെ ചെലവഴിച്ചു. കൂടാതെ 1.05 കോടി രൂപ ഐഎച്ച്എസ്ഡിപി ക്കും 2.28 കോടി രൂപ ബിഎസ്‌യുപിയ്ക്കും ലഭിച്ചു. ഇവ രണ്ടും തുടർ പദ്ധതി കളായതിനാൽ തുക ലാപ്സായിട്ടില്ല. |
| (എച്ച്) | 2013-14 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ ഗ്രാന്റായി എത്ര തുക കുടുംബശ്രീക്ക് അനുവദിച്ച ; ആയതിൽ എത്ര തുക ചെലവഴിച്ച ; എത്ര തുക ലാപ്സായി ? | (എച്ച്) | 2013-14 സാമ്പത്തിക വർഷം കേന്ദ്രസർക്കാർ വിഹിതമായി എസ്ജെഎസ്ആർവൈ, ഐഎച്ച്എസ്ഡിപി, ബിഎസ്‌യുപി, ആർ.എ.വൈ, എൻആർഎൽഎം, എൻആർഒ, എംകെ.എസ്പി എന്നിവയ്ക്കായി 128.58 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇവയെല്ലാം തന്നെ തുടർപദ്ധതികളായതിനാൽ തുക ലാപ്സായിട്ടില്ല. |

(signature)
സെക്ഷൻ ഓഫീസർ